ഗവ.ഹൈസ്കൂൾ
അയിലം

# ഗവ. ഹൈസ്കൂൾ

## അയിലം



# ഗവ.ഹൈസ്കൂൾ

## അയിലം

## സ്കൂൾ പ്രവേശനോത്സവം

2021–22

അയിലം ഗവ:ഹൈസ്കൂളിലെ 2021-22 അധ്യയന വർഷത്തെ പ്രവേശനോത്സവം ഓൺലൈനിലൂടെ വളരെ ഭംഗിയായി നടത്താൻ സാധിച്ചു.

പ്രവേശനോത്സവത്തിന്റെ ഭാഗമായി ആകർഷകമായ പ്രോഗ്രാം നോട്ടീസ് തയ്യാറാക്കി Watsapp ലൂടെ എല്ലാ ജനപ്രതിനിധികൾക്കും, വിശിഷ്ട വ്യക്തികൾക്കും,PTA അംഗങ്ങൾക്കും അയച്ചുകൊടുത്തു ക്ലാസ് ഗ്രൂപ്പിലൂടെ രക്ഷിതാക്കളിലും കുട്ടികളിലും എത്തിക്കുകയും ചെയ്തു.

സ്കൂളും പരിസരവും വൃത്തിയാക്കുകയും തോരണങ്ങൾ കൊണ്ട് അലങ്കരിച്ച് ആകർഷകമാക്കി. പ്രവേശനോത്സവ ബാനർ തയ്യാറാക്കി. സ്റ്റേജ് പ്രോഗ്രാമിലെന്ന പോലെ തന്നെ പ്രോഗ്രാം നോട്ടീസിനനുസരിച്ച് ആകർഷകകമായി വീഡിയോ തയ്യാറാക്കി. ഈശ്വര പ്രാർത്ഥന, പ്രവേശനോത്സവഗാനം, സ്വാഗത പ്രസംഗം, ഉദ്ഘാടനം, ആശംസകൾ, നന്ദി തുടങ്ങി കൃത്യമായ ക്രമത്തിൽ വീഡിയോ തയ്യാറാക്കി ഓൺലൈനായി സ്കൂൾ തല പ്രവേശനോത്സവം നടത്തി. ഇത് ഓരോ ക്ലാസ് ഗ്രൂപ്പിലും അയച്ചുകൊടുത്തു.



ഒന്നാം ക്ലാസ് പ്രവേശനോത്സവം സ്കൂളിനു സമീപമുള്ള വീട്ടിലെ വൈഭവിന് മുഖ്യമന്ത്രിയുടെ ആശംസാ പത്രവും പുസ്തകങ്ങളും അക്ഷരമാലയും, എസ്.എം.സി. അംഗങ്ങൾ നേരിട്ടു നൽകി. ക്ലാസ്തല പ്രവേശനോത്സവത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ നേരത്തേ തയ്യാറാക്കി അയച്ചു തന്ന വ്യത്യസ്തങ്ങളായ കലാപരിപാടികൾ ക്ലാസ് ഗ്രൂപ്പിലൂടെ കുട്ടികൾക്ക് അയച്ചുനൽകി. ഓരോ കുട്ടിയുടെ പ്രോഗ്രാം അയയ്ക്കുന്നതിനു മുന്നോടിയായി അദ്ധ്യാപകർ മുഖവുരനൽകി. എല്ലാ ക്ലാസിലെയും കുട്ടികളും അധ്യപകരും സ്വയം പരിചയപ്പെടുത്തുന്ന വീഡിയോ തയ്യാറാക്കി ക്ലാസ് ഗ്രൂപ്പുകളിൽ പങ്കുവച്ചു.പ്രവേശനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ വീടുകളിലും പ്രവേശനോത്സവം നടന്നു. ഭൂരിഭാഗം കുട്ടികളുടെയും വീടുകളും അലങ്കരിച്ച് ഭംഗിയാക്കിരുന്നു. സ്കൂൾ തുറന്ന



പ്രതീതി തന്നെയായിരുന്നു വീടുകളിലുണ്ടായിരുന്നത്. കുട്ടികൾ പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും മറ്റ് പഠനോപകരണങ്ങളും നന്നായി



അടുക്കി വച്ച് പഠന ഇടങ്ങൾ ഒരുക്കി. ഉള്ളതിൽ നല്ല വസ്ത്രം ധരിച്ച് അണിഞ്ഞൊരുങ്ങി ആദ്യദിനം സ്കൂളിലെത്തുന്നതു പോലെ തന്നെയായിരുന്നു ഓരോ കുട്ടിയും. പ്രീ പ്രൈമറിയിലെയും ഒന്നാം ക്ലാസിലെയും കുട്ടികൾക്ക് വലിയ പരിഗണന തന്നെയായിരുന്നു വീടുകളിൽ രക്ഷിതാക്കൾ നൽകിയത്. സമ്മാനങ്ങൾ നൽകിയും മധുര പലഹാരങ്ങൾ ഉണ്ടാക്കി നൽകിയും പ്രവേശനോത്സവത്തിന്റെ സന്തോഷവും ആഘോഷവും കുട്ടികൾക്ക് പകർന്ന് നൽകാൻ രക്ഷിതാക്കൾ പരമാവധി പരിശ്രമിച്ചു. പ്രവേശനോത്സവത്തിന് മുന്നോടിയായി ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികൾക്ക് പാഠപുസ്തകങ്ങൾ വിതരണം ചെയ്തു ഇതിന്റെ ഉദ്ഘാടനം അധ്യാപകനായ സതീഷ്കുമാർ സാറിന്റെ സാന്നിദ്ധ്യത്തിൽ PTA പ്രസിഡൻറും, വൈസ് പ്രസിഡൻറും SMC ചെയർമാനും ചേർന്ന് നിർവ്വഹിച്ചു. ഓൺലൈൻ പ്രവേശനോത്സവത്തിന് സമാന്തരമായി സ്കൂൾ തലത്തിൽ



കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് സംസ്ഥാനതല പ്രവേശനോത്സവം ക്ഷണിക്കപ്പെട്ട അംഗങ്ങൾക്ക് സ്കൂളിൽ തന്നെ കാണുന്നതിനുള്ള സംവിധാനമൊരുക്കി. മുദാക്കൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എ.ചന്ദ്രബാബു, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വിഷ്ണു, ആരോഗ്യ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ദീപാറാണി, വാർഡ് മെമ്പർ രമ്യ, പഞ്ചായത്ത് സെക്രട്ടറി, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കരുണാകരൻ നായർ എന്നിവർ വിദ്യാലയം സന്ദർശിച്ചു. അധ്യാപകനായ സതീഷ്കുമാർ, PTA പ്രസിഡന്റ് താജുദ്ദീൻ, PTA വൈസ് പ്രസിഡന്റ് വേണുനായർ, SMC ചെയർപേഴ്സൺ ബീന, ശ്രീകുമാർ, PTAഅംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. ഹെഡ്മിസ്ട്രസ് സക്കീബ ടീച്ചറിന്റെയും അധ്യാപകരുടെയും, PTA, SMC അംഗങ്ങളുടെയും, രക്ഷിതാക്കളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും മറ്റ് അഭ്യുദയകാംക്ഷികളുടെയും പങ്കാളിത്തത്തോടെ പ്രവേശനോത്സവം വൻ വിജയമാക്കിത്തീർക്കുന്നതിന് സ്കൂളിന് സാധിച്ചു.


ഗവ. ഹൈസ്കൂൾ
അയിലം
Break the Chain
സ്കൂൾ പ്രവേശനോത്സവം
2021 ജൂൺ 1ന്
വെർച്വൽ യോഗങ്ങൾ
മികവ് അവതരണങ്ങൾ
വീട്ടിലും പ്രവേശനോത്സവം
വേറിട്ട കൂട്ടായ്മകൾ
2021 ജൂൺ 1 ചൊവ്വ രാവിലെ 10 മണി
(കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ച് വിർച്ചൽ പ്ലാറ്റ്ഫോമിൽ)
കാര്യപരിപാടികൾ
അദ്ധ്യക്ഷൻ
സ്വാഗതം
ഉദ്ഘാടനം
വിശിഷ്ടാതിഥി
ആശംസകൾ
അഡ്വ. അടൂർ പ്രകാശ്
നന്ദി





